പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 649 — 29/01/2019 - ൽ മറുപടിക്ക്

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ.എം. വിൻസെന്റ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദ സഞ്ചാരവും

ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ ഒരു കടക്കീഴിലാക്കുവാൻ 2016-ൽ പണിപൂർത്തിയാക്കിയ ജഗതിയിലെ സഹകരണ ഭവനിൽ നിലവിൽ ഏതൊക്കെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സഹകരണ ഭവനിൽ നിലവിൽ ഒന്നു മുതൽ അഞ്ച് നിലകളിലായി സഹകരണ സംഘം രജിസ്ട്രാർ ആഫീസും സഹകരണ ആഡിറ്റ് ഡയറക്ടറേറ്റും ആണ് പ്രവർത്തിച്ചു വരുന്നത്. |
| ബി) | സഹകരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ പലതും വാടക കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; | ബി) | അതെ. |
| സി) | തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം എന്ത് തുക ചെലവാകുന്നുവെന്ന് അറിയിക്കുമോ; | സി) | തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 1,93,686/- രൂപ ചെലവാകുന്നു. |
| ഡി) | പ്രസ്തുത ഓഫീസുകൾ അടിയന്തരമായി സഹകരണ ഭവനിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ഡി) | അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഓഫീസുകൾ, സഹകരണ ഭവനിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.